പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4916

24/07/2015 -ൽ മറുപടിയ്ക്ക്

**ക്ഷേത്ര വഴിപാടുകളും കാണിക്കയും നിരീക്ഷിക്കാൻ സംവിധാനം**

ചോദ്യം
ശ്രീ. പി. തിലോത്തമൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വിശ്വാസികൾ സമർപ്പിക്കുന്ന വഴിപാടുകളും കാണിക്കയും നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് പറയാമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ചില ക്ഷേത്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അത്തരം ക്ഷേത്രങ്ങളിൽ കാണിക്ക വഞ്ചികൾ സ്ഥിതിചെയ്യുന്ന ഭാഗങ്ങളും കാണിക്ക വകകൾ എണ്ണി തിട്ടപ്പെടുത്തുന്ന ഭാഗങ്ങളും ക്യാമറാ നിരീക്ഷണത്തിലാണ്. പടിപടിയായി കൂടുതൽ ക്ഷേത്രങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ക്യാമറ സ്ഥാപിച്ചിട്ടില്ലാത്ത ക്ഷേത്രങ്ങളിൽ മതിയായ ജീവനക്കാരെ നിയോഗിച്ചിട്ടുമുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തർ സമർപ്പിക്കുന്ന വഴിപാടുകളും കാണിക്കയും വ്യവസ്ഥാപിത രീതിയിലൂടെ വരവ് വെക്കുന്നുണ്ട്. ഇത് ഫലപ്രദമായി നിരീക്ഷിക്കുന്നതിന് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മേജർ ക്ഷേത്രങ്ങളിൽ ക്യാമറ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തെ സംബന്ധിച്ച് ഭണ്ഡാരങ്ങൾ തുറന്ന് കാണിക്ക എത്രയെന്ന് തിട്ടപ്പെടുത്തുന്നതും സ്വർണ്ണം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള വസ്തുക്കൾ ലോക്കറിൽ സ്റ്റോക്ക് ചെയ്യുന്നതുമായ നടപടിക്രമങ്ങളിൽ നിരീക്ഷകരായി ദേവസ്വം ഭരണ സമിതി അംഗങ്ങളും, അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരും കൂടാതെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നിയോഗിക്കപ്പെട്ട ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രതിനിധികളും ഉണ്ട്. വഴിപാടായി നടയ്ക്കൽ സമർപ്പിക്കുന്ന നെല്ല്, വാഴക്കുല മുതലായ സാധനങ്ങൾ അതാത് ദിവസം തന്നെ പ്രത്യേക രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നു. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ക്ഷേത്രങ്ങളിലേക്ക് ഭക്തർ സമർപ്പിക്കുന്ന കാണിക്കയും വഴിപാടുകളും ക്ഷേത്ര വരുമാനത്തിലേക്ക് തന്നെ കൃത്യമായി എത്തുന്നതിനും മറ്റും ആവശ്യമായ നിർദ്ദേശങ്ങൾ ക്ഷേത്ര ഭരണാധികാരികൾക്കും ബന്ധപ്പെട്ട |

അസിസ്റ്റൻറ് കമ്മീഷണർമാർക്കും ഡിവിഷണൽ ഇൻസ്പെക്ടർമാർക്കും നൽകിയിട്ടുണ്ട്. ഉത്സവം, രാമായണ മാസം എന്നീ വിശേഷ ദിവസങ്ങളിൽ സി.സി.ടി.വി ക്യാമറ ഘടിപ്പിച്ചും സാധാരണ ദിവസങ്ങളിൽ നട കാവൽക്കാരനെ ഏർപ്പെടുത്തുകയുമാണ് കൂടൽമാണിക്യം ദേവസ്വം ചെയ്യുന്നത്.

ബി) ബോർഡ് നിശ്ചയിച്ചിരിക്കുന്ന നിരക്കിലുള്ള ഫീസാണോ ക്ഷേത്രങ്ങളിൽ വാങ്ങുന്നതെന്നും നിർദ്ദിഷ്ട ഗുണനിലവാരമുള്ള പ്രസാദമാണോ ഭക്തർക്ക് നൽകുന്നതെന്നും പരിശോധിക്കാറുണ്ടോ; ഇത്തരത്തിൽ പോരായ്മകളോ പരാതികളോ ഭക്തരിൽ നിന്നോ ക്ഷേത്ര സംരക്ഷണ സമിതികളിൽ നിന്നോ ലഭിക്കാറുണ്ടോ; അവ എപ്രകാരം പരിഹരിക്കുന്നുവെന്ന് പറയാമോ;

ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കീഴിൽ വിജിലൻസ് വിഭാഗവും ഇൻസ്പെക്ഷൻ വിഭാഗവും പരിശോധിക്കുന്നുണ്ട്. വഴിപാടുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വഴിപാടിനുള്ള ചേരുവകളുടെ അളവുസഹിതം എഴുതി പരിപാലിക്കുന്നതിന് രജിസ്റ്ററുകൾ നിലവിലുണ്ട്. ആയത് പരിശോധനാ വിഭാഗം ഇടയ്ക്കിടെ പരിശോധിക്കുന്നുണ്ട്. പരാതികളുണ്ടാകുമ്പോൾ വിജിലൻസിനെയോ ഇൻസ്പെക്ഷൻ വിഭാഗത്തിനെയോ ചുമതലപ്പെടുത്തി അന്വേഷണം നടത്തി നടപടി സ്വീകരികരിക്കുന്നുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ പരാതികൾ ലഭിക്കുമ്പോൾ ഉദ്യോഗതലത്തിലും വിജിലൻസ് വിഭാഗത്തിൻെറ നേതൃത്വത്തിലും അന്വേഷണം നടത്തി ആവശ്യമുള്ള ഘട്ടങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിൽ പരാതി ലഭിക്കുന്ന പക്ഷം ഉടൻതന്നെ ബന്ധപ്പെട്ടവരെ വിളിച്ചുവരുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങൾ ഓരോന്നും സ്വയംഭരണ യൂണിറ്റുകളായാണ് നിലകൊള്ളുന്നത്. ഓരോ ക്ഷേത്രങ്ങളിലെയും വഴിപാട് നിരക്കുകൾ നിശ്ചയിക്കുന്നത് ക്ഷേത്രത്തിലെ സാഹചര്യങ്ങൾ പരിഗണിച്ച് ക്ഷേത്ര ഭാരവാഹികകളാണ്. ആക്ഷേപ അഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് നിരക്കുകൾ പരസ്യപ്പെടുത്തിയതു പ്രകാരം ക്ഷേത്ര ഭാരവാഹികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് വഴിപാട് നിരക്കുകൾക്ക് അംഗീകാരം നൽകി വരിക മാത്രമാണ് മലബാർ ദേവസ്വം ബോർഡ് ചെയ്തുവരുന്നത്. കൂടൽമാണിക്യം ദേവസ്വത്തിൽ വഴിപാടുകൾക്ക് ഫീസ് ദേവസ്വം മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന നിരക്ക് പ്രകാരമാണ് നിശ്ചയിക്കുന്നതെന്നും പരാതികൾ ലഭ്യമാകുമ്പോൾ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടെന്നും അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

സി) ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടിനായി എഴുതുന്ന രസീതുകളും നൽകുന്ന സേവന

സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ക്ഷേത്രങ്ങളെയും ഓഫീസുകളെയും ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതു പൂർത്തിയാകുന്നതോടെ ഒരു

| | |
|---|---|
| ങ്ങളും ഒരു നെറ്റ് വർക്കിലൂടെ ഓൺ ലൈനാക്കുവാനും ഭക്തർ ഒരു തരത്തിലും കബളിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തും വിധം കർശന നിരീക്ഷണം നടത്തുവാനും നടപടി സ്വീകരിക്കുമോ? | നെറ്റുവർക്കിൽ എല്ലാ ക്ഷേത്രങ്ങളിലെയും രസീതുകളും സേവനങ്ങളും നിരീക്ഷിക്കാനും നിയന്ത്രിക്കാനും ഉള്ള സംവിധാനം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സജ്ജീകരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകൾ ഓൺലൈൻ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുവായൂർ ക്ഷേത്രത്തിൽ വഴിപാടുകൾക്ക് നിശ്ചിത നിരക്ക് ഈടാക്കുന്നതിന് കമ്പ്യൂട്ടർ പ്രിൻറഡ് രസീതുകളാണ് നൽകുന്നത്. രസീതി ഇല്ലാതെ യാതൊരു വഴിപാടും നടത്തുകയോ പ്രസാദം നൽകുകയോ ചെയ്യുന്നില്ല. കൂടാതെ വഴിപാട് നിരക്ക് ഓൺലൈനിൽ ലഭ്യമാണ്. മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിലേക്ക് വഴിപാടും മറ്റു സംഭാവനകളും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേത്ര ഭാരവാഹികൾക്ക് അനുവാദം നൽകിക്കൊണ്ടും അസിസ്റ്റൻറ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ദേവസ്വം ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ